<u>രജിസ്റ്റേർഡ് (എഡി സഹിതം)</u>

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035**

**ഫോൺ. 0471-2302490, 2303025**

**ഇ മെയിൽ: dhskerala.hlth@kerala.gov.in**

**വെബ്സൈറ്റ് : www.dhs.kerala.gov.in**

**No.DHS/10264/2026-EA3** **dated:30-08-2026**

## <u>കാരണം കാണിക്കൽ നോട്ടീസ്</u>

സീനിയർ റെസിഡൻസിക്കുശേഷം കൊല്ലം ജില്ലാ ആശുപത്രിയിൽ **Order No :DHS/7192/2026-EA2 Dated:27.03.2026** ഉത്തരവ് പ്രകാരം കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമനം ലഭിച്ച ഡോ.ദീപക് എൻ റ്റി **PEN:982355** ജോലിയിൽ പ്രവേശിച്ചിട്ടില്ല. **07.03.2025** നു മലപ്പുറം തിരൂർ ജില്ലാ ആശുപത്രിയിൽ സേവനത്തിൽ പ്രവേശിക്കുകയും പിജി ഉപരിപഠനത്തിനായി **15.04.2025AN** ന് വിടുതൽ ചെയ്ത താങ്കൾ പ്രൊബേഷണർ ആണ്. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് **II** റൂൾ **19 (a) (ii)** പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

**(2)** ടി തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് **15** (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ

നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നു വെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
Meenakshy V
Date: 30-08-2026
15:04:32

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

**Dr.Deepak N T**

**Sreekovil,Maithri Nagar**

**Vazhuthoor**

**Neyyattinkara**

**PIN:695121**(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1.അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),കൊല്ലം

3. സൂപ്രണ്ട്,ജില്ലാ ആശുപത്രി, കൊല്ലം.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ